# കേരള കാർഷിക സർവ്വകലാശാല
## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം
## ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര
Email: cohagmet@kau.in & kauagmet@yahoo.co.in


**പരീക്ഷണാടിസ്ഥാന ബ്ലോക്ക് തല കാർഷിക നിർദ്ദേശക ബുള്ളറ്റിൻ**

## വടക്കാഞ്ചേരി ബ്ലോക്ക്, തൃശ്ശൂർ ജില്ല

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എ.എസ് 26/2018(52), വെള്ളിയാഴ്ച** **തീയ്യതി 29.06.2018**

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:** കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ 165.7 മി.മീ മഴ ലഭിച്ചു. ഏറ്റവും ഉയർന്നതാപനില 27.6 മുതൽ 31.4 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 22.2 മുതൽ 23.2 ഡിഗ്രി സെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 95 മുതൽ 99 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 70 മുതൽ 98 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 0.6 മുതൽ 2.8 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനം പ്രതി 0.0 മുതൽ 5.1 മണിക്കൂറും, ബാഷ്പീകരണം ദിനം പ്രതി 1.4 മുതൽ 3.1 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 30.06.2018 | 01.07.2018 | 02.07.2018 | 03.07.2018 | 04.07.2018 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 11 | 9 | 3 | 7 | 8 |
| ഉയർന്ന താപനില (°C) | 28 | 29 | 29 | 29 | 29 |
| കുറഞ്ഞ താപനില (°C) | 22 | 23 | 23 | 23 | 23 |
| മേഘവ്യാപ്തി (ഒക്ട്സ) | 8 | 6 | 5 | 8 | 7 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 015 | 015 | 015 | 015 | 015 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 250 | 250 | 250 | 250 | 250 |

**അടുത്ത ആഴ്ച്ച കേരളത്തിൽ ശരാശരിയിൽ കുറവ് മഴ ലഭിക്കും.**
**വരും 5 ദിവസങ്ങളിൽ വടക്കാഞ്ചേരി ബ്ലോക്കിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്ക് സാധ്യത.**

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| പച്ചക്കറികൾ (പയർ) | - | ഫ്യൂസേരിയം മൂലമുള്ള വാട്ട രോഗം | തുടർച്ചയായ മഴയും, വെള്ളക്കെട്ടും മൂലം പയറിൽ ഫ്യൂസേരിയം മൂലമുള്ള വാട്ട രോഗം കാണാനിടയു്. ഇതിനെ നിയന്ത്രിക്കുന്നതിനായി 2 ഗ്രാം ബാവിസ്റ്റിൻ അല്ലെങ്കിൽ 2 മി.ലി. കോൺട്ടാഫ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ മണ്ണു കുതിരത്തക്ക വിധം 15 ദിവസം ഇടവിട്ട് മാറി മാറി ഒഴിച്ചു കൊടുക്കാവുന്നതാണ്. പൂർണ്ണമായും രോഗം ബാധിച്ച ചെടികൾ പറിച്ചു മാറ്റി നശിപ്പിക്കുകയും, തടത്തിൽ ഒരു നുള്ള് ബ്ലീച്ചിങ്ങ് പൗഡർ ചേർക്കേതുമാണ്. |
| വാഴ | കുലയ്ക്കുന്ന പരുവം | എർവിനിയ റോട്ട് | നീർവാർച്ച സൗകര്യം മെച്ചപ്പെടുത്തുക. വാഴത്തടത്തിൽ കുമ്മായം ഇടുന്നതും, നീർച്ചാലുകളിൽ ബ്ലീച്ചിങ്ങ് പൗഡർ ഇടുന്നതും നല്ലതാണ്. 20 ഗ്രാം സ്യൂഡോമോണാസ് ഫ്ളൂറസൻസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിയ ലായനി മണ്ണ് കുതിരത്തക്ക വണ്ണം, വാഴയ്ക്ക് ചുറ്റും ഒഴിക്കുന്നത് രോഗപ്രതിരോധശേഷി വർധിപ്പിക്കും. രോഗം ബാധിച്ചാൽ 5 ഗ്രാം ബ്ലീച്ചിങ്ങ് പൗഡർ അല്ലെങ്കിൽ 3 ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് അല്ലെങ്കിൽ 2 ഗ്രാം കോപ്പർ ഹൈഡ്രോക്സൈഡ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ചേർത്ത് തയ്യാറാക്കിയ ലായനി മണ്ണ് കുതിരത്തക്ക വണ്ണം, വാഴയ്ക്ക് ചുറ്റും ഒഴിക്കണം. രോഗം രൂക്ഷമായ വാഴകൾ വെട്ടിമാറ്റി നശിപ്പിക്കുകയും, ആ കുഴിയിൽ കുമ്മായം അല്ലെങ്കിൽ ബ്ലീച്ചിങ്ങ് പൗഡർ ഇടുകയും ചെയ്യുക. |
| മൃഗസംരക്ഷണം | വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ കന്നുകാലികളെ മേയാൻ വിടുന്ന കർഷകർ എലിപ്പനിക്കെതിരെ ജാഗ്രത പുലർത്തണം. കുളമ്പുരോഗത്തിനും കുരലടപ്പനുമുള്ള പ്രതിരോധ കുത്തിവെയ്പ്പുകൾക്കായി അടുത്ത മൃഗാശുപത്രിയുമായി ബന്ധപ്പെടുക. **(സി.എ.എ.ഡി.ഇ.സി.സി.എസ്., കെ.വി.എ.എസ്.യു., മണ്ണുത്തി)** | | |